ലിറ്റിൽ
കൈറ്റ്സ്

# കെ.പി.ഇ.എസ്.എച്ച്.എസ്.
# കായക്കൊടി











ഡിജിറ്റൽ മാഗസിൻ
**2023-2024**

# ഇതളുകൾ




2023-24അധ്യയന വർഷത്തിൽ നമ്മുടെ വിദ്യാലയത്തിലെ littile kite അംഗങ്ങൾ പുറത്തിറക്കുന്ന ഇതളുകൾ എന്ന ഡിജിറ്റൽ മാഗസിനു എല്ലാ വിധ ആശംസകളും നേരുന്നു

സ്നേഹത്തോടെ

പി കെ ബഷീർ
(Head Master)




# EDITORIAL BOARD


INAM ILAHI
9C


YAMIN SABIR
9C


MUHAMMED NAJAD N
9C


MUHAMMED NIDAL P
9C


DIYAN JABIR BAKRI
9B


MUHAMMED AFLAH
9D

# ഉള്ളടക്കം


4 എന്റെ വിദ്യാലയം

6 അനുഭവക്കുറിപ്പ്

7 MY DRAWINGS

8 വീടിന്റെ കാവൽക്കാരൻ

10 ഒപ്പ്

12 Thoughts of mind

14 കണ്ണീർ

17 അനാഥത്വം

18 Arts of Brothers

20 തെരുവുപട്ടികൾ

22 മികവ്- അടയാളങ്ങൾ

# എന്റെ വിദ്യാലയം




കുറ്റ്യാടിയിൽ നിന്നും 5കി.മി.അകലെ മലയോരമേഖലയായ കായക്കൊടിയിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് കെ.പി.ഇ.സ്.ഹൈസ്ക്കൂൾ. 1982ലാണ് ഈവിദ്യാലയം സ്ഥാപിതമായത്.കായക്കൊടി പഞ്ചായത്ത് എജ്യൂക്കേഷണൽ സൊസൈറ്റിയാണ് വിദ്യാലയം സ്ഥാപിച്ചത്. കുഞ്ഞിക്കലന്തനായിരുന്ന ആദ്യ പ്രധാന അദ്ധ്യാപകൻ. വി.കെ.കുഞ്ഞമ്മദ് മാസ്റ്ററുടെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

**ജില്ല**

കോഴിക്കോട്

**ഉപജില്ല**

വടകര

**സബ് ജില്ല**

കുന്നുമ്മൽ

**ഹെഡ് മാസ്റ്റർ**

പി.കെ ബഷീർ



മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 15 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 12 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം
വിദ്യാലയത്തിനുണ്ട്.ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും കമ്പ്യൂട്ടർ ലാബുകളുണ്ട്. ഏകദേശം ഇരുപത് കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

കായക്കൊടി പഞ്ചായത്ത് എജ്യൂക്കേഷണൽ സൊസൈറ്റിയാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. വി കെ അബ്ദുനസീർ ഇപ്പോൾ മാനേജറായി പ്രവർത്തിക്കുന്നു.ഹൈസ്കൂൾ വിഭാഗത്തിന്റെ എച്ച് എം പി .കെ ബഷീറും ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ പ്രിൻസിപ്പൽ കെ കെ അബൂബക്കറും ആണ് .








# അനുഭവക്കുറിപ്പ്

NIHAL CK 8C

എന്റെ ജീവിതത്തിൽ ഏറ്റവും ഞാൻ ഇഷ്ടപ്പെടുന്ന ഫുട്ബോൾ എന്ന കളിയുടെ സുന്ദരമായ ഒരു ഓർമ്മക്കുറിപ്പാണ് ഞാനിവിടെ എഴുതുന്നത് .ഞങ്ങളുടെ അക്കാദമിയുടെ ആദ്യത്തെ ടൂർണമെന്റ് ആയിരുന്നു അന്ന്. വാണിമേൽ ആയിരുന്നു അന്നത്തെ ടൂർണ്ണമെന്റ് നടക്കുന്നത് .ഞങ്ങൾക്ക് അന്ന് സന്തോഷവും ഉള്ളിൽ ഒരു പേടിയും ഉണ്ടായിരുന്നു .കാരണം അന്ന് ഞങ്ങളുടെ ആദ്യത്തെ ടൂർണമെന്റ് ആയിരുന്നു.അതുകൊണ്ട് എങ്ങനെ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഒരു പിടിയും ഇല്ലായിരുന്നു .അവിടുത്തെ ഫസ്റ്റ് കളി ഞങ്ങളുടെ തായിരുന്നു .ഞങ്ങൾ ഏറ്റുമുട്ടുന്നത് കുറ്റ്യാടി ടീമിനോട് ആയിരുന്നു.അങ്ങനെ റഫറി വിസിൽ അടിച്ചു .കളിയുടെ  തുടക്കത്തിൽ തന്നെ അവർ വലകുലുക്കി.ഞങ്ങൾ ആകെ പരിഭ്രാന്തരായി .ഞങ്ങളുടെ എല്ലാവരുടെയും ആത്മവിശ്വാസം പകുതി പോയിരുന്നു.പിന്നെ ഞങ്ങൾ കളിയിലേക്ക് തിരിച്ചുവരാൻ വേണ്ടി ശ്രമിച്ചു. കളിയുടെ അവസാന മിനിറ്റിൽ ഞങ്ങൾ ആശ്വാസഗോൾ കണ്ടെത്തി.റഫറി ഫുൾടൈം വിളിച്ചു .കളി സമനില ആയപ്പോൾ റഫറി പെനാൽറ്റി ഷോട്ട് ഔട്ടിനുള്ളാ വിസിൽ ഊതി.പെനാൽറ്റി ഷൂട്ടൗട്ട് ആയപ്പോൾ വല്ലാത്തൊരു ഫീൽ ആയിരുന്നു.ആര് ജയിക്കും ആര് ജയിക്കും എന്നായിരുന്നു ഞങ്ങളുടെ മനസ്സിൽ .ആദ്യ ഷോട്ട് അവർക്കാണ് ലഭിച്ചത് .അത് ഗോൾ ആവാതെ  പുറത്തേക്ക് പോയി .പിന്നീട് ഷോട്ട് എടുത്ത് ഞാനായിരുന്നു.ഞങ്ങളുടെ ടീമിന്റെ മുഴുവൻ പ്രതീക്ഷയും എന്നിൽ ആയിരുന്നു.എന്നാൽ എന്റെ ഷൂട്ട് പിഴച്ചു .അത് നേരെ ഗോൾ കീപ്പറുടെ കയ്യിൽ തട്ടി പുറത്തേക്കു പോയി.അപ്പോൾ ടീം ഒന്നടങ്കം ദുഃഖിച്ചു.ഇതാണ് എന്റെ ആദ്യത്തെ ടൂർണ്ണമെന്റ് അനുഭവം .





Muhammed Noufan 10C

# MY DRAWINGS








Mina thabassum 9A

# വീടിന്റെ കാവൽക്കാരൻ

പണ്ട് പണ്ട് ഒരു വീട്ടിൽ റോൺ  എന്ന പട്ടിയും സുകുമാരൻ എന്ന പൂച്ചയും ഉണ്ടായിരുന്നു. റോണാണ് ആ വീടിന്റെ കാവൽക്കാരൻ.റോണിന്റെ മസിലും ലുക്കും ഒക്കെ കണ്ട് സുകുമാരന് ചെറുതായി അസൂയ മൂത്തു.ഒരു ദിവസം രാവിലെ സുകുമാരന് മസിലൊക്കെ ഉണ്ടാക്കി വീടിന്റെ കാവൽക്കാരൻ ആവണം എന്നായി.അവൻ രാവും പകലുമില്ലാതെ വർക്കൗട്ട് ചെയ്ത് വീട്ടിലെ ജിമ്മനായ വേണുവിന്റെ പ്രോട്ടീൻ ഷെയ്ക്കിൽനിന്നും പറ്റുന്നത്ര നക്കി കുടിക്കുകയും ചെയ്യ്ത് ഒരാഴ്ച കടന്നുപോയി.കൈകളിൽ ചെറുതായി രണ്ടു മുഴകൾ കണ്ട് സുകുമാരന് ആകപ്പാടെ ആവേശമായി.അവൻ നേരെ റോണിനടുത്തേക്ക് ചെന്ന് ഒന്നും വളച്ചൊടിക്കാതെ കാര്യത്തിലേക്ക് കടന്നു."ഇനിമുതൽ ഈ വീടിന്റെ കാര്യം ഞാനേറ്റു".റോൺ അവിടെ സ്തംഭിച്ചു നിന്നുപോയി.ഒരാഴ്ച കിടന്നു ഉരുണ്ടത് ഇതിനുവേണ്ടി ആയിരുന്നു എന്ന് റോണിനു മനസിലായി.ബോൺ പറ്റില്ല എന്ന് പറയാൻ വരുമ്പോൾ സുകുമാരൻ ഒരു കരാർ നീട്ടി അതിലുള്ളത് ഇതായിരുന്നു



**പ്രിയപ്പെട്ട റോൺ**

**കാവൽക്കാരനാവാൻ എന്നെ സമ്മതിച്ചാൽഎനിക്കെപ്പോയൊക്കെ ചിക്കൻ കിട്ടുന്നുവോ, അപ്പൊയെല്ലാം ആ ചിക്കൻ നിനക്ക് തരുന്നതായിരിക്കും.**

കട്ടയ്ക്ക് മസില് പിടിച്ച് നിന്ന് റോൺ ഇത് വായിച്ചപ്പോൾ നിഷ്കളങ്കനായ കുട്ടിയെപ്പോലെ തലയാട്ടി.ഇതുകണ്ടപ്പോൾ സുകുമാരനെ മുഖത്ത് ഒരു പുഞ്ചിരി പടർന്നു. അന്ന് രാത്രി അവൻ വീടിന്റെ മുറ്റത്തുനിന്ന് അങ്ങോട്ടുമിങ്ങോട്ടും നടന്നു.നടന്നുനടന്ന് ഉറക്കം തൂങ്ങി വീഴാൻ നോക്കുമ്പോഴാണ് ഒരാൾ മുന്നിൽ ഇങ്ങനെ നിൽക്കുന്നത് അവൻ കാണുന്നത്.ഇയാളെ കണ്ടപ്പോൾ തന്നെ സുകുമാരൻ വേറൊന്നും നോക്കാതെ കണ്ടം വഴി ഓടി.അപ്പോഴാണ് റോണിന്റെ മാസ് എൻട്രി.അവൻ രണ്ടുപ്രാവശ്യം വന്നു കുരച്ചപ്പോൾ കള്ളന്റെ പൊടിപോലും അവിടെ കാണാനില്ല. ഈ സമയത്താണ് ഒരാൾ തിരിച്ചു വരുന്നത്.



അത് മറ്റാരുമല്ല നമ്മുടെ സുകുമാരൻ പൂച്ച തന്നെ. മാനം പോയി എന്ന് തിരിച്ചറിഞ്ഞത് കൊണ്ട് അവൻ റോണിനെ നോക്കി ഒന്ന് പുഞ്ചിരിച്ചു.തിരിച്ചും ചിരിച്ചു കാണിക്കുക അല്ലാതെ മറ്റൊന്നും പറഞ്ഞില്ല.അപ്പോഴാണ് അകത്തുനിന്ന് ഒരു ശബ്ദം കേൾക്കുന്നത്. "ദൈവമേ എലി!"എലിയെന്ന് കേട്ടപ്പോൾ സുകുമാന്റെ രോമങ്ങൾ എഴുന്നേറ്റ് നിന്നു.കുതിച്ചു ചെന്ന് സുകുമാരൻ ആ എലിയെ അകത്താക്കി.വീട്ടമ്മയായ ശാന്തമ്മ വന്ന് അവന്റെ തലയിൽ രണ്ട് തട്ട് തട്ടിയിട്ട് പറഞ്ഞു."നീയാടാ ഇന്നെന്റെ ഹീറോ".അത് കേട്ടപ്പോൾ സുകുമാരന് എന്തെന്നില്ലാത്ത ഒരു അനുഭൂതി.സുകുമാരൻ ശിരസ്സുയർത്തി അഭിമാനത്തോടെ നിന്നു.അപ്പോഴാണ് എല്ലാവർക്കും അവരവരുടേതായ കഴിവുകൾ ഉണ്ടാകുമെന്ന് സത്യം തിരിച്ചറിഞ്ഞത്.അന്നുമുതൽ സുകുമാരനും റോണും ഒറ്റക്കെട്ടായി അവരുടെ ജീവിതം സന്തോഷത്തോടെ ജീവിച്ചു



# ഒപ്പ്

Fathima Rinza VP 8D

"മോളെ നീ നന്നായിരിക്കുന്നു എന്ന് കരുതുന്നു .ഇനി ആണെങ്കിലും അല്ലെങ്കിലും അങ്ങനെ കേൾക്കാനാണ് ഈ ഉമ്മാക്ക് ഇഷ്ടം .ഇന്ന് എനിക്ക് എഴുതാൻ ഒരുപാട് വിശേഷങ്ങൾ ഒന്നും ഇല്ല ഒന്നും ഇളകാൻ പോലും പറ്റാതെ മൂലയ്ക്ക് ഇരിക്കുന്ന ഈ വയസ്സായ സ്ത്രീക്ക് എന്ത് വിശേഷം ആണുള്ളത്. എങ്കിലും നീ കാത്തിരിക്കുന്നുണ്ടെന്ന് എനിക്കറിയാം അതുകൊണ്ട് മാത്രമാണ് ഞാൻ കത്ത് എഴുതുന്നത്. ഒരു പാട് നിർബന്ധിച്ചിട്ടാണ് അജ്മൽ എനിക്ക് ഇത് എഴുതി തന്നത്. നിനക്കറിയാലോ പണ്ടുമുതലേ കത്ത് എഴുതിയും വായിച്ചും ഒന്നും ഈ ഉമ്മാക്ക് ശീലമില്ല എന്ന് അതിനപുറമേ ഉപ്പ കാണാതെ ഒളിച്ചു എഴുതുക എന്നത് ഒരുപാട് പ്രയാസമുണ്ടെന്ന് നിനക്കറിയില്ലേ ഞാനീ പറയുന്നത് നിന്നെ പ്രയാസപ്പെടുത്താനല്ല എപ്പോഴും ഉമ്മാക്ക് ഇങ്ങനെ എഴുതാൻ കഴിയില്ല എന്ന ബോധം നിനക്ക് ഉണ്ടാവാൻ മാത്രമാണ് എൻറെ പാത്തു എന്തുപറയുന്നു നിൻറെ മോഡേൺ പേരുകൾ ഒന്നും വിളിക്കാൻ എനിക്കറിയില്ല ഞാൻ അവളെ പാത്തു എന്നെ വിളിക്കും എനിക്ക് അവളെ ഒന്ന് കാണാൻ ഒരുപാട് ആഗ്രഹമുണ്ട് പക്ഷെ ഒരിക്കലും നീ വീട്ടിലേക്ക് തിരിച്ചുവരണമെന്ന് പറയാനുള്ള ധൈര്യം എനിക്കില്ല ഏതൊരു പിതാവിനെ പോലെ മാത്രമാണ് ഉപ്പയും ചിന്തിച്ചിട്ടുള്ളൂ. ഉപ്പ ഒരു ക്രൂരൻ ആണെന്ന് ഒരിക്കലും നീ കരുതരുത് ഉപ്പ് ഒരു ക്രൂരൻ ആണെന്ന് നിനക്ക് തോന്നാതിരിക്കാൻ ആണ് ഞാൻ നിന്നെ വീട്ടിലേക്ക് വിളിക്കാത്തത് നിനക്ക് അറിയാലോ ഉപ്പയുടെ അവസ്ഥ നീ ഇവിടുന്ന് ഇറങ്ങിയത് മുതൽ ഇല്ലാണ്ടായതാണ് ആ മനുഷ്യൻ ഇനിയും അതിനെ വേദനിപ്പിക്കാൻ എനിക്ക് വയ്യ ഏതായാലും ഇൻഷാ അള്ളാ ഉപ്പ് തന്നെ നിന്നെ ഒരിക്കൽ വീട്ടിലേക്ക് വിളിക്കണം എന്നാണ് എൻറെ ആഗ്രഹം ഒരിക്കൽ അത് നടക്കും എന്ന് ഉറപ്പു നിൻറെ പൊന്നുമ്മ ഒപ്പ്".

ഇത്രയും വായിച്ചു കഴിഞ്ഞപ്പോഴേക്കും അവളുടെ കണ്ണുകൾ നിറഞ്ഞു അവളുടെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു ഒരു നിമിഷം അവൾ ഒന്ന് പൊട്ടിക്കരഞ്ഞു ഒരുപാട് വായനയുടെ മുഷിപ്പ് ആ കത്തിൽ ഉണ്ടായിരുന്നു ഉമ്മ അയച്ച ഓരോ കത്തുകളും അടുക്കി അടുക്കിവെച്ച് അവൾ ഈ ഒരു കത്തിനശേഷം അടക്കിവെക്കാൻ വായിക്കാനും ഇനിയൊരു കത്ത് വന്നിട്ടില്ല. ഓരോ കത്ത് വായിച്ചു കഴിയുമ്പോഴേക്കും അവളുടെ മനസ്സിൽ തെളിയുന്നത് അവൾ ഇറങ്ങിപ്പോയ ആ ദിവസവും നീ പോവല്ലേ എന്നുള്ള ഉമ്മാൻറെ കരച്ചിൽ മാത്രമാണ്. കേട്ട് ഒരു ഭാവം പോലും നടിക്കാതെ മറ്റൊരു മതത്തിൽപ്പെട്ട തന്റെ കാമുകന്റെ കൂടെ അവൻറെ കൂട്ടുകാർക്ക് ഇടയിൽ അവൾ ഇറങ്ങിച്ചെന്നു. എന്നെ വിളിച്ചു കരയുന്ന ഉമ്മയെയും ഉപ്പയെയും ഒന്ന് നോക്കാൻ പോലും അവൾക്ക് സമയം ഉണ്ടായിരുന്നില്ല. നശിച്ച ലോകത്തേക്ക് വെക്കാൻ വെപ്രാളമായിരുന്നു അതിൻറെ ആർത്തിയുമായിരുന്നു ആ ദിവസം അവൾക്ക്. ഉമ്മ ബോധ രഹിതയായ പോയേക്കും അവൾ പോയി കഴിഞ്ഞിരുന്നു. ഇതെല്ലാം അവളെ വേദനിപ്പിച്ചു കൊണ്ടിരിന്നു .

ഓരോ തവണ ആ കത്ത് വായിക്കുമ്പോഴും അവൾക്ക് അവളെ തന്നെ കൊല്ലാൻ ഉള്ള ദേഷ്യം ആയിരുന്നു. ഞാൻ എന്തിനാണ് അങ്ങനെ അന്ന് ചെയ്തത് എന്ന് ഓർത്ത് അവൾ എപ്പോഴും അവളെ തന്നെ വെറുത്തു കൊണ്ടിരിക്കുകയായിരുന്നു .ആദ്യത്തെ കുറച്ചു മാസമാണ് നല്ല കാലം ഉണ്ടായിരുന്നുള്ളൂ അതിനുശേഷം കുറെ ഉണങ്ങിയ ഓർമ്മകൾ അല്ലാതെ ഒന്നുമില്ല അവൾക്ക് ഓർത്ത് വെക്കാനോ പറയാനോ ഞാൻ എന്തിനുവേണ്ടി ഇറങ്ങിപ്പോന്നു എന്നു പറയാനോ അവൾക്ക് ഒന്നും തന്നെയില്ല ആ ദിവസത്തിനു ശേഷം നല്ല ഒരു വസ്ത്രമോ എന്നല്ല കാഴ്ചകളോ ഭക്ഷണമോ അവൾ കണ്ടിട്ടില്ല. അവളും അവളുടെ കുഞ്ഞുമായിട്ടുള്ള അവളുടെ  കുഞ്ഞുമായിട്ടുള്ള അവളുടെ ഒരു ചെറിയ ലോകം മാത്രമാണ്. ആ ഒരു ലോകത്ത് മാത്രമാണ് അവൾ ഇപ്പോഴും ജീവിക്കുന്നത് മകൾക്ക് വേണ്ടി മാത്രമല്ല അതിലുപരി  അവളുടെ ഉമ്മ ജീവിച്ചിരിക്കുന്നു എന്ന് അടയാളം ഉള്ള കത്തിന് വേണ്ടി മാത്രമാണ് ഇപ്പോൾ ഇതാ അതും  അവസാനിച്ചിരിക്കുന്നു. പടച്ചോനെ ഇനി എനിക്ക് വയ്യ ഇനി ഞാൻ എന്തിനാണ് ജീവിക്കുന്നത് ജീവിക്കാൻ  കരുത്ത് തന്നത് ഒന്നൊന്നായി നഷ്ടപ്പെടുകയാണ്. ചില ചീത്ത ഓർമ്മകൾ അല്ലാതെ വേറെ എന്തുണ്ട് എനിക്ക്. ഇന്നവൾ ഏറെ വെറുക്കുന്നു തന്റെ ജീവിതത്തെ ഉപ്പ എന്ന് വിളിച്ചു കൊണ്ട് ആ മുറ്റത്തേക്ക് കയറി ചെല്ലാൻ അവൾക്ക് തോന്നാറുണ്ട് പക്ഷേ ഉമ്മയും ഉപ്പയും എല്ലാ ബന്ധുക്കളുടെയും നാട്ടുകാരുടെയും മുമ്പിൽ തലകുനിക്കേണ്ടി വന്നു ആ ദിവസത്തെ ഓർത്ത് അവൾ ആ മുറ്റത്തേക്ക് കയറിച്ചെന്നില്ല ഉപ്പാനോട് മാപ്പ് ചോദിക്കാൻ പോലും ഉള്ള ധൈര്യം പോലും അവൾക്ക് ഉണ്ടായിരുന്നില്ല ഇനി എനിക്കു പോണം ഇല്ലെങ്കിൽ ഞാനൊരു ഭ്രാന്തി ആയിത്തീരും അങ്ങനെ അവളും എഴുതി മോളെ ഉപ്പാൻറെ പൊന്നുമോൾ ആയി നീ വളരണം എന്ന് നിൻറെ പൊന്നുമ്മ  ഒപ്പ്



കുറച്ചു വർഷങ്ങൾക്ക് ശേഷം.
അവളും അവളുടെ മോളും ഉപ്പയും ഉമ്മയും ആയിട്ടുള്ള ഒരു കുഞ്ഞു ജീവിതം അവർ തുടർന്നു.



Shaza Fathima 8D

# THOUGHTS OF MIND



Time passes
By I even doubt
Why do I even exist for

In this world
Inside those billions of cat
I am just a rat!

Surrounded with so many people like magnet
and iron!
Still I am alone in my heart!

They will just move
Even if I am not there!
They all are fake using me like a credit
card!

Even though I knew
I am alone
I will just smile with them
Cause acting doesn't hurt

Love is all about trust and one thing I don't
have is trust!

I just felt like a leftover food!
That is valuable but no one needs!

I am made with expectations!
Being expected so much really tears me out!

Every cat has 1 persons
to tell
But that one will also disappear at some
point !

Life without love is impossible but for
me no love no plans and no value !

These tears me out and
Let my inner mind question itself
Why do I even exist!
Days passinyby sorrow keeps knocking the
door and I want to utter my feelings!
Only needs my blanket to cover me up and
my pillow to hold my tears!



# കണ്ണീർ

Ridha Fathima PP 8D

26 വയസ്സുള്ള വിവാഹം കഴിക്കാത്ത ചെറുപ്പക്കാരനായിരുന്നു അവൻ. ഓർമ്മ വെക്കുന്നതിനു മുന്നേ ബാപ്പ മരിച്ചുപോയ അവനെ ഉമ്മയാണ് വളർത്തി വലുതാക്കിയത്. ഒറ്റ മകനായതിനാൽ ഉമ്മ നൽകിയ അമിത സ്നേഹം കൊഞ്ചലുകളിൽ പെട്ട അവൻ വഴി തെറ്റിപ്പോയി. ആറാം ക്ലാസിൽ പഠിക്കുമ്പോൾ ചൂരൽ എടുത്ത് അടിക്കാൻ വന്ന ശവക്കത്ത് മാഷിന്റെ തുടയിൽ കോമ്പാസ് കുത്തി ഇറക്കി ഓടിയ അവൻ പിന്നീട് സ്കൂളിൽ തിരിഞ്ഞു നോക്കിയിട്ടില്ല. മുട്ടയിന്ന് വിരിയും മുന്നേ ചുണ്ടിൽ ബീഡി വച്ചു തുടങ്ങി. പ്രായപൂർത്തിയാവും മുന്നേ കള്ളുകുടിയും.അടുത്തുള്ള വീടുകളിൽ വീട്ടു പണി നോക്കാൻ പോയിരുന്ന ആ വയസ്സായ ഉമ്മയുടെ ചിലവിലാണ് അവൻ ആറാടി നടന്നത് ഒരു ദിവസം നേരം വൈകിയിട്ടും വീട്ടിലെത്താത്ത മകനെ കാത്തിരിക്കുകയായിരുന്നു ആ പാവം ഉമ്മ. അങ്ങിനെ വീട്ടിനു മുന്നിലെ ഇടവയിലൂടെ മകൻ ആടി ആടി വരുന്നത് ആ പാവം ഉമ്മ നോക്കി നിന്നു". മോനേ എന്തിനാ ഇങ്ങനെ കുടിക്കുന്നത്"തുടങ്ങിയല്ലോ തള്ളയുടെ ഉപദേശം വല്ലാതെ ഉപദേശിക്കാൻ നിന്നാൽ ഈ വീട്ടിലേക്കുള്ള വരവ് ഞാൻ അങ്ങ് നിർത്തും.അയ്യോ ഇല്ല മോനെ ഞാൻ ഒന്നും പറയുന്നില്ല മോൻ വല്ലതും കഴിച്ചോ?? " ആ.. ഞാൻ പുറത്തുന്ന് കഴിച്ചിട്ട് വന്നത്.. അവൻ റൂമിലേക്ക് നടന്നു പോയപ്പോൾ കാൽ തട്ടി താഴെ വീണു. ഉമ്മ അത് കണ്ടു ഓടി വന്ന് അവന്റെ കൈപിടിച്ച് എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. അവൻ ആ ഉമ്മയുടെ കൈ തട്ടിമാറ്റി കൊണ്ട് പറഞ്ഞു എന്നെ എഴുന്നേൽപ്പിക്കാൻ നിങ്ങൾ നോക്കണ്ട എനിക്കറിയാം എങ്ങനെ എഴുന്നേൽക്കണം ഒറ്റയ്ക്ക് നടത്താൻ കഴിയാതെ വരുമ്പോൾ ഞാൻ അറിയിക്കാം പിന്നെ നാളെ കുറച്ച് പൈസ വേണം. " എന്റെ കയ്യിൽ ബ്രഡ് മേടിക്കാൻ കൂടിയുള്ള പൈസയില്ല" നീ ഇങ്ങനെ പൈസക്ക് ചോദിച്ചാൽ ഞാനെവിടെ നിന്നെ എടുത്തു തരാനാ തലകുനിച്ചുകൊണ്ട് ഉമ്മ പറഞ്ഞു"എന്നാൽ തള്ളേ ആ കഴുത്തിൽ കിടക്കുന്ന മാല ഇങ്ങു തന്നേക്ക്. " അയ്യോ മോനെ നീ എന്നോട് ഇതുമാത്രം ചോദിക്കല്ലേ. നിന്റെ ബാപ്പയുടെ ഓർമ്മയ്ക്ക് വേണ്ടിയുള്ള ഒരേ ഒരു സാധനമാണ് ഇത് ". അല്പം പുച്ഛഭാവത്തോടെ ഓർമ്മയ്ക്ക് വെക്കാൻ മാല ഒന്നും വേണ്ട അധിക താ എന്നും പറഞ്ഞുകൊണ്ട് ആ മാലയും പൊട്ടിച്ച് അവൻ പുറത്തേക്കു തന്നെ പോയി. പിറ്റേന്ന് അടുത്ത വീട്ടിൽ നിന്ന് പറയാം ഉമ്മ നിങ്ങളെ മോൻ ഇന്നൊരു അപകടം ഉണ്ടായി പേടിക്കാൻ മാത്രം ഒന്നുമില്ല എന്ന് പറഞ്ഞത്. ഇതു കേട്ടതും ആ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി" ഡോക്ടർ വരാൻ പറഞ്ഞിട്ടുണ്ട് ഉമ്മ വേഗം റെഡിയാവ് പുറത്ത് പാച്ചുവിന്റെ ഫോട്ടോ കാത്തു നിൽപ്പുണ്ട്. ഒന്നും നോക്കാതെ ആ ഉമ്മ ഓട്ടോയിലേക്ക് ഓടിക്കയറി ഹോസ്പിറ്റലിൽ എത്തിയപ്പോൾ ഡോക്ടർ ഉമ്മയെ കാത്തിരിപ്പുണ്ടായിരുന്നു. എന്താ എന്റെ മോൻ എവിടെ? എന്താ എന്തെങ്കിലും കുഴപ്പം ഉണ്ടോ. നിറകണ്ണീരോടെ ഉമ്മ ചോദിച്ചു. നിങ്ങളുടെ മോനെ ഒന്നില്ലെങ്കിൽ ഒരു മണിക്കൂർ അല്ലേ രണ്ടുമണിക്കൂർ അല്ലെങ്കിൽ ദിവസങ്ങൾ മാത്രമേ അവനെ ജീവിക്കാൻ കഴിയുള്ളൂ" എന്ത്?എന്താ ഡോക്ടർ ഈ പറയുന്നത് എന്റെ മോനോ സത്യമാണോ ഇതൊക്കെ" എങ്ങനെ എങ്ങനെയാ ഞാൻ എന്റെ മോനെ രക്ഷിക്കാൻ ജീവിതത്തോട് മരണത്തോടും മല്ലടിക്കുകയാണല്ലോ എന്റെ മോൻ ഡോക്ടർ! എങ്ങനെയെങ്കിലും! എത്ര പൈസ വേണമെങ്കിലും ഞാൻ തരാം എന്റെ ജീവൻ ഞാൻ തരാം എന്താ ഡോക്ടർ ഞാൻ ചെയ്യേണ്ടത്. എനിക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ഞാൻ ചെയ്യു നമുക്ക് വീണാൽ ഒരു ഹൃദയമാക്കി വയ്ക്കാം പക്ഷേ അവന്റെ രക്തത്തിന് ചേരുന്ന രക്ത ഗ്രൂപ്പ് ആയിരിക്കണം എന്നേ അങ്ങനെയൊന്ന് കിട്ടാൻ വളരെ പ്രയാസമാണ് എന്നാലും നമ്മൾക്ക് സോഷ്യൽ മീഡിയകളിൽ ഒന്ന് പറഞ്ഞു നോക്കാം പിന്നെ ഓപ്പറേഷന് 10 ലക്ഷം രൂപയാകും ഓപ്പറേഷൻ സക്സസ് ആവണമെന്നില്ല. ഡോക്ടർ എത്രവേണമെങ്കിലും ഞാൻ തരാം എങ്ങിനെ എന്റെ മോനെ രക്ഷിച്ചാൽ മതി അമ്മയുടെ പിഞ്ചുകുഞ്ഞു കരയുന്നത് പോലെയുള്ള വാവിട്ടുള്ള കരച്ചിൽ കണ്ടപ്പോൾ ഡോക്ടർ കണ്ണുകൾ നിറഞ്ഞു. അടുത്ത ദിവസത്തേക്ക് പൈസ ഒപ്പിക്കാനുള്ള തിരക്കിലാണ് ആ ഉമ്മ. സ്വന്തം എന്ന് പറയാനോ ബന്ധുക്കൾ എന്ന് പറയാനോ ആരുമില്ല ആരുടെ കയ്യിൽ നിന്ന് അത്രയും പൈസ വാങ്ങും എന്നുമറിയില്ല. ഏതൊക്കെ വീട്ടിൽ കയറിയിറങ്ങിയാലും എല്ലാവരും അവിടെ നിന്ന് ആട്ടിയോടിക്കും. പിന്നെയാണ് ആ ഉമ്മയ്ക്ക് ഒന്ന് ഓർമ്മ വന്നത് മുമ്പ് ഒരാവശ്യത്തിനായി വീട് വെക്കാൻ തീരുമാനിച്ചിരുന്ന പക്ഷേ അത് നടന്നില്ല 35 ലക്ഷം രൂപ



തരാമെന്ന്. പിന്നെ ഒന്നും നോക്കാനില്ലായിരുന്നു ബാങ്കിൽ പോയി ആധാരം വാങ്ങി. പൈസയുമായി കണ്ണീരോടെ ആ ഉമ്മ ഹോസ്പിറ്റലിലേക്ക് ഓടി. ഡോക്ടറുടെ അടുത്ത് പോയിട്ട് പറഞ്ഞു ഡോക്ടർ എനിക്ക് പൈസ കിട്ടി. തല താഴ്ത്തി താടിക്ക് കൈ കൊടുത്തിരിക്കുന്ന പറഞ്ഞു ഇനി പൈസയൊന്നും വേണ്ട താങ്കളുടെ മകന്റെ ഭാഗ്യം ഇല്ല അവന്റെ രക്തത്തിൽ ചേർന്ന് ഒരു ഹൃദയവും കിട്ടിയില്ല കരഞ്ഞുകൊണ്ട് ചോദിച്ചു എന്റെ മോനെ അവസാനമായി ഞാനൊന്ന് കണ്ടോട്ടെ. ആയിക്കോട്ടെ അതിനൊന്നും ഒരു കുഴപ്പവുമില്ല എന്നും പറഞ്ഞുകൊണ്ട് ഡോക്ടർ ഐസ്യുവിന്റെ വാതിൽ തുറന്നു കൊടുത്തു. ഓക്സിജൻ മാസ്റ്റർ കിടക്കുന്ന തന്നെ മൂല കണ്ടപ്പോൾ ഉമ്മാക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല ചുളിഞ്ഞ കൈകൊണ്ട് തന്റെ മോന്റെ കൈയോട് ഉച്ചത്തിൽ കരഞ്ഞു മോനെ..... ചെറുപ്പത്തിൽ കായലിൽ മുങ്ങിത്താഴുന്ന നിന്നെ വെള്ളത്തിൽ എടുത്ത് ചാടി ഞാൻ രക്ഷിച്ചത് അതുപോലെ ഇപ്പോൾ എനിക്ക് എന്റെ മോനെ രക്ഷിക്കാൻ കഴിയുന്നില്ലല്ലോ.. മോനെ നിന്റെ വാപ്പ കിടന്നപ്പോൾ എന്നോട് പറഞ്ഞ ഒരു വാക്കുണ്ട് നമ്മുടെ മോനെ ഒരു കുറവും ഇല്ലാതെ നീ നോക്കണെന്ന്.. എന്റെ മോനെ നീ ഇല്ലാതെ ഉമ്മ എന്തിനാടാ.  പടച്ചോനെ എന്തിനാ എന്നോട് ഇങ്ങനെയൊക്കെ! ആരും ജീവനുതുല്യം സ്നേഹിച്ച എന്റെ ഭർത്താവിനെ നിങ്ങൾ എടുത്തു ഇപ്പോൾ എന്റെ മോനെയും എടുക്കാൻ നോക്കുകയാണോ. എന്റെ മോനെ എങ്ങനെയെങ്കിലും! ഞാൻ രക്ഷിക്കും അല്പം വിശ്വാസം കൈവരിച്ചുകൊണ്ട് ആ അമ്മ പുറത്തിറങ്ങി ഡോക്ടറോട് ചോദിച്ചു ഏത് ഹൃദയവും അവന് വയ്ക്കാമോ..??  തുടിക്കുന്ന ഏത് ഹൃദയം വെക്കാം പക്ഷേ അത് അവന്റെ രക്തത്തിന്റെ ഗ്രൂപ്പ് തന്നെ ആയിരിക്കണം എന്നേയുള്ളൂ... എന്നാൽ ഡോക്ടറെ എന്റെ ഹൃദയം എടുത്തോളൂ.. what a nonsense!! എനിക്ക് ജീവനില്ലാത്ത ശരീരത്തിലെ ഹൃദയം എടുക്കാൻ മാത്രമേ അനുവാദമുള്ളൂ അല്ലാതെ ജീവനുള്ളവരുടെ ഹൃദയം എടുക്കൽ ഒരു കൊലപാതകം അല്ലേ..?? അത് നിയമത്തിനും എതിരാണ്...  ഒരു കത്തിയെടുത്ത കാര്യത്തിൽ വച്ചുകൊണ്ട് ഉമ്മ പറഞ്ഞു ജീവനില്ലെങ്കിൽഹൃദയമെടുക്കാമല്ലോ. Hey don't do that don't do that ഇങ്ങനെ ആവർത്തിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു അല്പം വിറയലോടെ..  അങ്ങനെയൊന്നും ചെയ്യരുത് അവന്റെ ബ്ലഡ് തന്നെ ആവണ്ടേ നിങ്ങളുടേതും!! എന്നാൽ ഡോക്ടറെ ഞങ്ങളുടെ ബ്ലഡ് ഒരേതാണെങ്കിൽ എന്റെ ഹൃദയം അവൻ ഓപ്പറേഷനിലൂടെ വെച്ചു കൊടുക്കണം. അങ്ങനെ വെച്ച് കൊടുക്കുമെന്ന് താങ്കൾ എനിക്ക് വാക്ക് തരണം ഈ വാക്ക് ഒരിക്കലും കൈവിടരുത്. ഡോക്ടർ തലകുനിച്ചു. ഉമ്മ കൈയിലെ കത്തി ഒരിച്ചിരി കൂടി അമർത്തി ഉമ്മയുടെ കഴുത്തിൽ നിന്നും ചോര പൊടിഞ്ഞു. Heyy അങ്ങനെ ചെയ്യല്ലേ ഞാൻ ചെയ്യാം സത്യം. ഈ ഉമ്മയുടെ ബ്ലഡ് ടെസ്റ്റ് ചെയ്യൂ..  ബ്ലഡ് ടെസ്റ്റ് ചെയ്യാൻ പോയപ്പോഴും ഡോക്ടർ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു ദൈവമേ അവരുടെ രക്തം ഒന്നാവല്ലേ എന്ന്. സിസ്റ്റർ : it's a miracle രണ്ടുപേരുടെയും ബ്ലഡ് സെയിം ആണ് ഉമ്മയെ ഓപ്പറേഷൻ തിയേറ്ററിലേക്ക് കയറ്റും മുന്നേ ഒരു പേപ്പറിൽ sign ചെയ്യിച്ചു ആ ഉമ്മ സന്തോഷത്തോടെ ആ പേപ്പർ സൈൻ ചെയ്യുന്നത് അതിശയത്തോടെ ഡോക്ടർ നോക്കി കണ്ടു. ഓപ്പറേഷൻ തിയേറ്റർ മോനെ കാണാൻ തോന്നി ഡോക്ടറോട് ചോദിച്ചു ഡോക്ടറെ ഒന്നുകൂടി എന്റെ മോനെ കണ്ടോട്ടെ? അവസാനമായി.ഡോക്ടർ പറഞ്ഞു എത്ര നേരം വേണമെങ്കിലും സംസാരിച്ചോളൂ ആർക്കും ഒരു എതിർപ്പുമില്ല.  ഉമ്മ മകനെ കിടത്തിയിരിക്കുന്ന റൂമിന്റെ വാതിൽ തുറന്നു എന്നിട്ട് പറഞ്ഞു മോനെ മോൻ നല്ലോണം ജീവിക്കണം ഇനി മോനേ ഉമ്മ ഉണ്ടാവില്ല വഴക്ക് പറയാനും ശകാരിക്കാനും. ഇനി എന്റെ മോൻ കണ്ണുതുറന്ന് പുതിയ ലോകം കാണുമ്പോൾ ഉമ്മ അല്ല ഈ ഭാഗ്യം ഇല്ലാത്ത മോന്റെ ഉമ്മ പുതിയൊരു ലോകത്തേക്ക് കണ്ണടയ്ക്കും കണ്ണുനീർ ഒരറ്റം ഇല്ലാത്ത നദി പോലെ നിറഞ്ഞൊഴുകി കൊണ്ടിരിക്കുകയാണ്. ആ ഉമ്മ അവസരമായി തന്റെ മോന്റെ നെറ്റിയിൽ ഒന്ന് ചുംബിച്ചു. ആ ചുളിഞ്ഞ കൈകൊണ്ട് അവന്റെ മരവിച്ച തലയിൽ തലോടിക്കൊണ്ട് ആ ഉമ്മ ബെഡിലേക്ക് ഓപ്പറേഷന് വേണ്ടി കയറിക്കിടന്നു. ഉമ്മയെയും മകനെയും രണ്ടു ബെഡിലേക്ക് ആക്കി. അമ്മ ഡോക്ടറോട് പറഞ്ഞു എന്റെ മോനോട് പറയണം  ഒത്തിരി ഇഷ്ടമായിരുന്നു എന്ന് ഒരുപാട് അതും പറഞ്ഞുകൊണ്ട് ആ ഉമ്മ കണ്ണു മുറുകെ അടച്ചു. ഡോക്ടർ രണ്ടുപേരെയും സൂചി കുത്തി മയക്കി. ആ മയക്കത്തിലും ആ ഉമ്മ പറയുന്നത് തന്റെ മകന്റെ പേര് തന്നെയായിരുന്നു. ഓപ്പറേഷൻ തുടങ്ങിയപ്പോൾ ആ ഉമ്മയുടെ ശരീരം തണുത്തുഓപ്പറേഷൻ കഴിഞ്ഞു



ഡോക്ടർ പറഞ്ഞു സക്സസ്. എന്നാലും ആ വലിയ ഓപ്പറേഷൻ കഴിഞ്ഞതിന്റെ സന്തോഷമൊന്നും ഡോക്ടറുടെ മുഖത്ത് ഇല്ലായിരുന്നു അവൻ കണ്ണു തുറന്നപ്പോൾ അവന്റെ കൂട്ടുകാർ അടുത്തുണ്ടായിരുന്നു എല്ലാവരുടെയും മുഖത്തും ഒരു വിഷമം കണ്ട് അവൻ ചോദിച്ചു എന്താടാ ഞാൻ ചത്തുപോയെന്ന് വിചാരിച്ചോ. അത്ര പെട്ടെന്നൊന്നും എന്നെ എടുക്കില്ല നമ്മുടെ പള്ളി പെരുന്നാൾ നമുക്ക് പൊളിക്കേണ്ടേ മൈക്കിളെ കുടിച്ചു മരിക്കണം. പൈസ ഓർത്ത് പേടിക്കണ്ട ആ തള്ളയുടെ രണ്ട് പവന്റെ മാലയുണ്ട് എന്റെ കയ്യിൽ നമുക്ക് പൊളിക്കാം എന്താടാ നിങ്ങളുടെ മുഖം ഇഞ്ചി കടിച്ചത് പോലെ"എന്താടാ പൈസയുടെ കാര്യം വിചാരിച്ചിട്ടാണോ. നമുക്ക് പള്ളി പെരുന്നാൾ കുടിച്ചു മരിക്കടാ കുടിച്ച് തന്നെ മരിക്കാം എന്റെ കയ്യിൽ രണ്ട് പവന്റെ മാലയാണുള്ളത് രണ്ട് പവൻ " ഡോക്ടർ വന്നു കൂട്ടുകാരോട് എല്ലാം പുറത്തുനിൽക്കാൻ പറഞ്ഞു എന്നിട്ട് അവന്റെ അടുത്ത് വന്നിരുന്നു കൊണ്ട് ചോദിച്ചു അമ്മ എവിടെ എന്ന് ചോദിച്ചില്ലല്ലോ. ആ എനിക്കെങ്ങനെ അറിയാനാ ഞാൻ ഇവിടെ അല്ലേ ഉള്ളത് ഞാൻ ചാത്തന്നു വിചാരിച്ചസന്തോഷിക്കുന്നുണ്ടാവും. അവർ പ്രാകുന്നത് ഞാൻ കേട്ടതാ മാല കൊണ്ടുവരുമ്പോൾ എന്നെ പ്രാകുന്നത് എന്തിനാ തള്ള് എന്നിങ്ങനെ കൊല്ലാൻ നോക്കുന്നത്. നിർത്ത്  മിണ്ടരുത് നിന്റെ വൃത്തികെട്ട വായ് നീ തുറക്കരുത് കാരണം നിനക്ക് അമ്മയുടെ സ്നേഹം എന്താണെന്ന് നിനക്കറിയില്ല നിന്റെ ജീവനുവേണ്ടി ജീവൻ കൊടുത്ത വരാടാ ആ പാവം.  നീ വെറും കുരക്കുന്ന നായാടാ. മരിക്കുന്നതിനു മുമ്പ് നിന്റെ പേര് വിളിച്ചു  കൊണ്ടാ ആ ഉമ്മ മരിച്ചത്. മയക്കിയ സമയത്തും നിന്റെ പേരാടാ വിളിച്ചത് ആ ഉമ്മ. നിനക്ക് ആ ഉമ്മയെപ്പോലൊരു ഉമ്മയെ ഇനി 100 ജന്മം തപസ്സിരുന്നാലും നീ ചെയ്ത ഭാഗങ്ങൾ പൊറുക്കപ്പെടില്ല പാപങ്ങൾ തീരില്ല അത്രയും ചെയ്തു കൂട്ടിയിട്ടുണ്ട് എന്നിട്ടും ആ ഉമ്മ നിന്നെ ശാസിച്ചിട്ടില്ല വഴക്ക് പറഞ്ഞില്ല ജീവിതം പോയടാ..!! അവൻ അന്ന് അവന്റെ തള്ള് എന്ന് മാത്രം വിളിച്ചു തുടങ്ങിയ നാവുകൊണ്ട് ആദ്യമായി ഉമ്മ എന്ന നീട്ടി വിളിച്ചു ഒത്തിരി ഒത്തിരി സങ്കടത്തോടെ ഒരുപാട് ശബ്ദത്തോടെ കണ്ണുകൾ നിറഞ്ഞൊഴുകി ഡോക്ടർക്ക് ദേഷ്യം വന്നു കാലത്ത് പുച്ഛിച്ചു എന്നിട്ട് ഉമ്മ കണ്ണടച്ചപ്പോൾ നീ അമ്മയെ ഓർത്ത് കരയുന്നോ എന്തായാലും നീ ഭാഗ്യമുള്ളവനാണ് കാരണം ഓരോ ചെറുപ്പക്കാരും പറയുന്ന ഒരു വാക്കുണ്ട് സ്വന്തം ഉമ്മാനെ നെഞ്ചിലേറ്റി നടക്കുകയാണ് പക്ഷേ നിനക്ക് അതിനുള്ള ഭാഗ്യമുണ്ടായി സ്വന്തം ഉമ്മാന്റെ ഹൃദയം നെഞ്ചിലേറ്റി നടക്കാനുള്ള ഭാഗ്യം ഉണ്ടായി. അന്നവന്റെ ഹൃദയത്തിൽ ഉണ്ടായി അന്ന് അവന്റെ മനസ്സിൽ ഉമ്മാന്റെ ചിത്രം പതിഞ്ഞു അവൻ പിന്നെയും പിന്നെയും പൊട്ടി പൊട്ടി കരഞ്ഞു ജീവിതം മുഴുവൻ അവസാനിപ്പിക്കാൻ വരെ തോന്നി അത്രയ്ക്കും അവൻ കരഞ്ഞു. ഈയൊരു ഞാൻ എഴുതിയദ് മാതാപിതാക്കളെ ധിക്കരിച്ചും ജീവിക്കുന്നവരുണ്ട്  ഇത് അവർക്ക് വേണ്ടിയുള്ളതാണ് മാതാപിതാക്കൾ ഒന്നറിഞ്ഞോളു മരിക്കുന്നതിനു മുന്നേ സ്നേഹം കൊടുക്കു മരിച്ചു കഴിഞ്ഞാൽ അവർക്ക് അത് അനുഭവിക്കാൻ കഴിയില്ല ഒരു അമ്മയുടെയും ബാപ്പയുടെയും സ്നേഹവും സന്തോഷവും തന്റെ മക്കളുടെ കരുതലാണ്. പ്രായം കൂടി ഒരു മാതാപിതാക്കൾക്കും സ്വന്തം കാര്യമോ മക്കളുടെ കാര്യമോ നോക്കാൻ കഴിയില്ല അവർ മരിക്കുന്നതിനു മുന്നേ എത്ര സ്നേഹം കൊടുക്കാൻ കഴിയുമോ അത്രയും കൊടുക്കുക അവർ നമ്മളെ ഒക്കെ ജീവനുതുല്യം സ്നേഹിച്ചിട്ടുണ്ട് നമ്മൾ അത് അറിയുന്നില്ല മരണം വരെയെങ്കിലും കൂടി നിർത്തുക



Rithusmaya 8D

# അനാഥത്വം

നീലനിലാവിന്റെ വെട്ടത്തിൽ ആരോരുമില്ലാ -
ത്തോരായിരം പേർ അലയുന്നു !!!
എന്തിനൊന്നില്ലാർക്കോ വേണ്ടി...
എന്തിനോ വേണ്ടി അലയുന്നൂ...

ഒരു നേരത്തെ വിശപ്പകറ്റാൻ കെഞ്ചുന്നു ...
ആരോടെന്നില്ലാതെ !!!
വീടില്ല നാടില്ല ഈ ആരോരുമില്ലാത്തവർക്
വെറുപ്പാണെല്ലാർക്കും എന്തിനെന്നറിയില്ല !!!

രാത്രി പകലില്ലാതെ തേരാ പാരാ നടക്കുകയാണിവർ
ഇനി എന്തിനീ ജീവതം !!!
ആർക്കോവേണ്ടി ഈ ജീവിതം നീങ്ങുന്നു
രാത്രി വെട്ടത്തിൽ തേങ്ങിക്കരയുന്നു !!!

സഹായം തേടി അടുത്തോടുമ്പോൾ
ക്രൂരരെപ്പോലെ പെരുമാറിടുന്നതാ
മനുഷ്യർ എന്തിനാണെന്നറിയില്ല !!!
പട്ടിണിയാണീ പാവങ്ങൾക്

ഒരായിരം ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി
തെരുവുവീഥിയിൽ അലയുന്നിതായിവർ !!!
ജീവിതം തള്ളിനീക്കുന്നു !!!
ആർക്കോവേണ്ടി!!!

ഉറ്റവർ കൈവിടും നിമിഷം വന്നെത്തിടും
നേരം നെഞ്ചുപൊട്ടും വേദനയോടെ
എവിടെക്കൊന്നില്ലാതെ അലയുന്നൂ ഇവർ
പാതിജീവനോടെ!!!

തെരുവുവെളിച്ചത്തിൽ നിദ്രയിലാടും
ഒരു നൂറു സ്വപ്നങ്ങൾ നെഞ്ചിലൊതുക്കി
നടക്കാത്തോരായിരം സ്വപ്നങ്ങൾ !!!
ജീവിതം ആർക്കോവേണ്ടി നീക്കിടുന്നതാണിവർ ...






Anudev&Shalumon

# ART OF BROTHERS





















# തെരുവുപട്ടികൾ



MINVA JASEE
10 B

തെരുവിലലയുന്ന തെരുവുപട്ടികൾക്
ചാടിക്കുതിക്കുവാനൊരൂട്ടം
ആളുകൾ തിങ്ങി നിറയുന്ന
തെരുവുവീഥികളിൽ
ആരോരുമില്ലാന്നറിഞ്ഞപ്പോൾ
അവർ നിദ്രയിലേക് മടങ്ങി
പെട്ടന്ന് വന്നൊരു വാഹന
ശബ്ദത്തിൽ ചാടി പിടഞ്ഞവർ
ജീവന്റെ നോവുമായി
ആരോരുമില്ലാത്ത ആർക്കും
വേണ്ടാത്ത തങ്ങളുടെ
സുരക്ഷക്കായി അവർ
സ്വയം പൊരുതുന്നു
നേരം വെളുത്തു സൂര്യൻ ഉദിച്ചു
തെരുവുകളിൽ ആളുകൾ തിങ്ങിനിറഞ്ഞു
തങ്ങളുടെ കുഞ്ഞിന്റെ വിശപ്പകറ്റാൻ
അവർ തെരുവുകൾ തോറും അലയുന്നു
കടകൾ തോറും അലയുമ്പോഴും
അവർ നിരാശരായി മടങ്ങുന്നു
വിശക്കുന്ന തങ്ങളുടെ കുഞ്ഞിനെ
നെഞ്ചോടു ചേർത്ത്
ദൈവത്തിൽ അഭയം തേടുന്നു
തങ്ങളുടെ ജീവന്റെ രക്ഷക്കായവർ
ദൈവത്തെ ഓർത്തു കരയുന്നു





SHALU MON 10A



ANU DEV 8C


# മികവ്-അടയാളങ്ങൾ

















കായക്കോടി ഹയർ സെക്കന്ററി സ്‌കൂൾ ട്രഡ് ഫെസ്റ്റ് ഫിറോസ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു

## കായക്കൊടി ഹയർ സെക്കന്ററിയിൽ ട്രേഡ് ഫെസ്റ്റ്

കുറ്റ്യാടി: കായക്കൊടി കെ.പി.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിൽ ഇ.ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ (കാന്റൺ ഫെറ്റ്) എന്ന പേരിൽ ട്രേഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. അജ്മി ഫുഡ് പ്രൊഡക്റ്റ് മാർക്കറ്റിങ് പാർട്ണർ ഫിറോസ്ഖാൻ ഉദ്ഘാടനം ചെയ്തു. ട്രേഡ് ഫെസ്റ്റിന്റെ ഭാഗമായി അഗ്രോ പ്രൊഡക്റ്റ്, ടെക്സ്റ്റയിൽസ്, ഫാൻസി, സ്റ്റേഷനറി, ജ്വല്ലറി, കാലിഗ്രാഫി, മെഹന്തി, സ്റ്റുഡിയോ ഫോട്ടോ ഫ്രെയിം, കോക്കനട്ട് പ്രൊഡക്റ്റ്സ്, ലൈവ് സ്കെച്ച് ഹെർബൽ പ്രൊഡക്ട്സ്, ക്രാഫ്റ്റ് ഫുഡ് ഐറ്റംസ്, ഇൻഡോർ പ്ലാന്റ്സ് തുടങ്ങിയവ എക്സ്പോയുടെ ഭാഗമായി പ്രദർശിപ്പിക്കുകയും വിൽപന നടത്തുകയും ചെയ്തു. പ്രിൻസിപ്പൽ അബൂബക്കർ കെ.കെ, ക്ലബ്ബ് കോർഡിനേറ്റർ ഫാത്തിമത്ത് നുസൈബ വി, എം.ടി മൊയ്തു മാസ്റ്റർ, നജിബ്, പി.കെ ബഷീർ, മജീദ് ജനോൽ ജനത്ത് ഇ.കെ നജിബ് എൻ എം. സജീർ വി.വി. പ്രസംഗിച്ചു.


കെ പി ഇ എസ് ഹയർ സെക്കൻഡറി സ്കൂൾ,
കായക്കൊടി
സർഗമയ
കുട്ടികളുടെ ചിത്രപ്രദർശനം
2024 ഫെബ്രുവരി 13 ചൊവ്വ
അനുദേവ്
ഫാത്തിമ ഷബീഹ
ഷാല്യമോൻ
ഹാദിയ ജാസിർ
ഹനിയ ഫാത്തിമ
ആർദ്ര എം
മുഹമ്മദ് നാജിർ
ആൽഫ എസ് ലത്തീഫ്
നഷ ഫാത്തിമ
ശിവസൂര്യ
ആയിഷ തൻഹ
റിദ ഫാത്തിമ
നിറക്കൂട്ട്
വാർഷികാഘോഷ പരിപാടികളോടനുബന്ധിച്ച്
ഹയർസെക്കൻഡറി,ഹൈസ്കൂൾ വിഭാഗങ്ങളിലെ
വിദ്യാർത്ഥികൾ വരച്ച പ്രശസ്തരുടെ
ഛായാചിത്രങ്ങളുടെ പ്രദർശനം.


KPES HSS,
KAYAKKODI
വർക്ക് എക്സ്പീരിയൻസ് ക്ലബ്ബിന്റെ
ആഭിമുഖ്യത്തിൽ പ്രൊഡക്ഷൻ യൂണിറ്റിന്റെ
ഉദ്ഘാടനം പ്രിൻസിപ്പാൾ ശ്രീ കെ കെ
അബൂബക്കർ നിർവഹിച്ചു.ഹെഡ്മാസ്റ്റർ ശ്രീ പി
പ്രവൃത്തി പരിചയ അധ്യാപിക ശ്രീന
എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.


ഇന്ത്യ ലോക
നെറുകയിൽ ....
കൂടെ കായക്കൊടി സ്കൂളും.
ചന്ദ്രയാൻ 3 ചന്ദ്രനിൽ ഇറങ്ങുന്ന ധന്യ മുഹൂർത്തം.
തൽസമയ ദൃശ്യമൊരുക്കുന്നു
കെ പി ഇ എ




കെ.പി.ഇ.എസ് ഹയർ
സെക്കണ്ടറി സ്കൂൾ
കായക്കൊടി
കുരുത്തോല
ഹൃദയപൂർവ്വം
കലാകാരന്മാർക്കൊപ്പം
ടി.ഇ.കാർത്തിക
(നാടക നടി)


ED CLUB KPES HSS KAYAKKODI
Canton Fete
TRADE FAIR
സ്വാഗതം
സ്വാഗതം


ഒന്നായോണം


kpb

# ശുഭം